(ബി) ഏതെല്ലാം രോഗങ്ങൾക്കുള്ള മരുന്നുകളാണ് പ്രസ്തുത സ്ഥാപനങ്ങളിൽ ഉത്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ 2013-14-ലെ മൊത്തം വിറ്റുവരവ് എത്രയെന്നും ലാഭം എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) മരുന്നുകളുടെ വിപണനത്തിനായി പ്രസ്തുത സ്ഥാപനങ്ങളിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ കലവൂരിലെ കേരള സ്റ്റേറ്റ് ആന്റ് ഡ്രഗ്സ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ആണ് സംസ്ഥാനത്ത് അലോപ്പതി മരുന്ന നിർമ്മിക്കുന്ന പൊതുമേഖലാ സ്ഥാപനം.

(ബി) ആന്റി പൈറ്റിക്ക്, അനാൾജെസിക്ക്, അമോക്സ്സിലിൻ, ആംബിസില്ലിൻ മുതലായ ബ്രോഡ്സ്പെക്ട്രം ആന്റിബയോട്ടിക്, ആവശ്യമായ വിവിധതരം ഇൻജക്ഷനുകൾ/ഡയബറ്റിക്സിന് ആവശ്യമായ മരുന്നുകൾ, ഹൈപ്പർടെൻഷൻ സിയാറ്റിയ, ആന്റി അമീബിക്ക്, ഡീഹൈഡ്രേഷൻ ആൻഡി ഹെല്മെന്റിക്, ആന്റി അലെർജിക്ക് എന്നീ രോഗങ്ങൾക്കുള്ള മരുന്നുകളാണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്.

(സി) 2013-14-ലെ മൊത്തം വിറ്റുവരവ് 2123 കോടി രൂപ, നഷ്ടം-10.05 കോടി രൂപ.

(ഡി) മൊത്തം ഉല്പന്നം കെ.എം.എസ്.സി.എൽ. (കേരളം), എ.പി.എം.എസ്.ഐ.ഡി.സി. (ആന്ധ്രാപ്രദേശ്) എന്നീ സർക്കാർ നോഡൽ ഏജൻസികൾക്കാണ് നൽകുന്നത്. ഇതിനായി ഒരു മാർക്കറ്റിംഗ് വിഭാഗം പ്രവർത്തിച്ചു വരുന്നു.

ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം

61 (768) ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. ടി. ജോർജ് :
ശ്രീ. പാലോട് രവി :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഡ്നി രോഗികൾക്കുള്ള ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം ഫലപ്രദമായി നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു; എത്ര രോഗികൾക്ക് പ്രസ്തുത യൂണിറ്റ് മുഖേന ചികിത്സ ലഭ്യമാക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ആശുപത്രികളിൽ എത്തി ഡയാലിസിസ് ചെയ്യാൻ ബുദ്ധിമുട്ടുള്ള രോഗികൾക്കായി മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ 27 സർക്കാർ ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് എന്ന പദ്ധതി പ്രകാരം ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് 5-2-2013-ലെ ജി.ഒ.(ആർടി.) നമ്പർ 114/2013/നി.വ. ഉത്തരവ് പ്രകാരം സർക്കാർ അനുമതി ആയിട്ടുണ്ട്. ടി യൂണിറ്റുകളുടെ പ്രവർത്തനം ഉറപ്പാക്കുന്നതിന് വേണ്ടി KMSCL നടപടി സ്വീകരിച്ചുവരുന്നു. ടി യൂണിറ്റുകൾക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) നിലവിൽ 23 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രതിമാസം ശരാശരി 120-ഓളം രോഗികൾക്ക് ചികിത്സ ഓരോ സ്ഥാപനങ്ങളിലും ലഭ്യമാക്കി വരുന്നു. കൂടാതെ 5 സർക്കാർ മെഡിക്കൽ കോളേജിൽനിന്നും മുന്നൂറോളം രോഗികൾക്കും ഡയാലിസിസ് ലഭ്യമാക്കുന്നുണ്ട്.

(സി) നിലവിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ മൊബൈൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

കാൻസർ ചികിത്സയ്ക്കായി കിട്ടിയ സ്ഥലം കോഴിക്കോട് മെഡിക്കൽ കോളേജിന്

62 (769) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂരിലെ തെങ്ങിലക്കടവിൽ കാൻസർ ചികിൽസക്കായി സർക്കാരിന് കൈമാറിക്കിട്ടിയ സ്ഥലം കോഴിക്കോട് മെഡിക്കൽ കോളേജിന് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനം പ്രവർത്തിപ്പിക്കാൻ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly